മൊത്ത വ്യാപാരികളുടെ ഒരു അടിയന്തരയോഗം 9-6-2015-ന് തിരുവനന്തപുരത്ത് വിളിച്ചുചേർക്കുകയുണ്ടായി. തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിൽപ്പനനികുതി വകുപ്പിന്റെ സേവനവും തേടിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിപണികളിൽനിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെകൂടി സേവനം ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

112 (777) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണുള്ളത് ; എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര സാമൂഹികാരോഗ്യകേന്ദ്രങ്ങളാണുള്ളത് ; അവ ഏതെല്ലാം; ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലെയും അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാം ;

(സി) ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലും ഒഴിവുള്ള തസ്തികകൾ ഏതെല്ലാം ;

(ഡി) കണ്ണൂർ ജില്ലയിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിലവിൽ ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 84. ഉദയഗിരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രണ്ടും, പാട്യം, കൊളച്ചേരി, ഏഴോം എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഓരോ അസിസ്റ്റന്റ് സർജൻ തസ്തികയും ഒഴിവുണ്ട്.

(ബി & സി) 11. അനുവദിക്കപ്പെട്ട തസ്തികകളും ഒഴിവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly